**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4978** **20-03-2025 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിൽ ഓഡിറ്റ് നടത്താത്തതിനാൽ, 2023-24 അധ്യയന വർഷം വിരമിച്ച പ്രഥമാധ്യാപകരിൽ എൻ.എൽ.സി. ലഭിച്ചിട്ടില്ലാത്തവരുടെ എണ്ണം വിദ്യാഭ്യാസ ഉപജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | സ്കൂളുകളിൽ ഓഡിറ്റ് നടത്താത്തതിനാൽ, 2023-24 അദ്ധ്യയന വർഷം വിരമിച്ച പ്രഥമാധ്യാപകരിൽ എൻ.എൽ.സി ലഭിച്ചിട്ടില്ലാത്തവരുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്ന വിധത്തിലാണ്<br><br>*ചിറ്റാരിക്കൽ ഉപജില്ല - 1 (കാസർഗോഡ്)<br><br>*അഞ്ചൽ ഉപജില്ല - 1 (കൊല്ലം)<br><br>*കുന്നുമ്മൽ ഉപജില്ല - 1 (കോഴിക്കോട്)<br><br>*ആറ്റിങ്ങൽ ഉപജില്ല - 1 (തിരുവനന്തപുരം) |
| (ബി) | സ്കൂളുകളിൽ എല്ലാ വർഷവും ഓഡിറ്റ് നടത്തുന്നതിനും ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | സ്കൂളുകളിൽ എല്ലാ വർഷവും ഓഡിറ്റ് നടത്തുന്നതിനും, ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ എൽ.പി, യു.പി വിഭാഗത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ഹൈസ്കൂൾ വിഭാഗത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുമാണ് ഓഡിറ്റ് നടത്തി ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. |
| (സി) | യഥാസമയം ഇത്തരം ഓഡിറ്റ് നടത്താത്തതുമൂലം വരുന്ന കാലതാമസം ഒഴിവാക്കാൻ അവസാന മൂന്ന് വർഷത്തെ മാത്രം ഓഡിറ്റ് നടത്തി എൻ.എൽ.സി. നൽകുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിലെ ചട്ടങ്ങൾ പ്രകാരം അവസാന മൂന്നു വർഷത്തെ മാത്രം ഓഡിറ്റ് നടത്തുകയാണ് ചെയ്യുന്നത്. എന്നാൽ പാഠപുസ്തക ബാധ്യതയുമായി ബന്ധപ്പെട്ട ഓഡിറ്റ് പൂർത്തിയാകാത്തതിനാൽ അന്തിമ തീരുമാനം ആയിട്ടില്ല. ആയതു സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ